# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2848 — 20.03.2015- ൽ മറുപടിക്ക്

## വില്ലേജാഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഫീസ്.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | വില്ലേജാഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അക്ഷയ കേന്ദ്രങ്ങളിൽ ഉയർന്ന ഫീസ് ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | അക്ഷയകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ സർട്ടിഫിക്കറ്റിനും നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണെന്ന് പറയാമോ; | ബി) | ഉണ്ട് അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ, സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ട്മെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ) സർവ്വീസ് ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്. |
| സി) | സർട്ടിഫിക്കറ്റുകൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് അക്ഷയകേന്ദ്രങ്ങളിൽ പട്ടികയായി പ്രദർശിപ്പിക്കുവാനും കൂടുതൽ ഫീസ് കൈപ്പറ്റുന്ന കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ? | സി) | സർട്ടിഫിക്കറ്റുകൾക്കാവശ്യമായ രേഖകളുടെയും ഫീസിന്റേയും വിവരം പൊതുജനങ്ങൾക്ക് വേണ്ടി പട്ടികയായി പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. ജില്ലാ അക്ഷയ കോഓർഡിനേറ്റർമാരോട് അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടിയ്ക്ക് ജില്ലാകളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Vatsala S.D

സെക്ഷൻ ഓഫീസർ

✓